**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2591 13.03.2020-ൽ മറുപടിയ്ക്ക്**

**സർക്കാർ പ്രവൃത്തികൾക്ക് മണ്ണ് ലഭിക്കാനുള്ള ബുദ്ധിമുട്ട്**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.കെ. ദാസൻ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള വിവിധ അടിയന്തര നിർമ്മാണ പ്രവൃത്തികൾക്ക് ഫിൽ ചെയ്യാനും മറ്റും ആവശ്യത്തിന് മണ്ണ് ലഭിക്കാൻ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ? | ഉണ്ട്. നിലവിൽ റോഡുകളുടെ നിർമ്മാണ വേളയിൽ എക്സ്കവേഷൻ വഴി ലഭിക്കുന്ന മണ്ണ് ഫില്ലിംഗിനായി ഉപയോഗിച്ച് വരുന്നു. നിർമ്മാണ പ്രവൃത്തികൾക്ക് മണ്ണ് ഫിൽ ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ മണ്ണ് ലഭ്യമാക്കാനും പൊതുനിരത്തിലൂടെ പ്രവൃത്തി ചെയ്യുന്ന സ്ഥലത്തേയ്ക്ക് ലോറിയിൽ കൊണ്ടുപോകാനും റവന്യൂ വകുപ്പിന്റെയും ജിയോളജി വകുപ്പിന്റെയും വിവിധ അനുമതികൾ ആവശ്യമാണ്. പ്രസ്തുത അനുമതികൾ ലഭിക്കാൻ നേരിടുന്ന കാലതാമസം കാരണം പാലങ്ങളുടെ അനുബന്ധ റോഡിന്റെയും മറ്റും നിർമ്മാണം പൂർത്തീകരിക്കുവാൻ താമസം വരുന്നുണ്ട്. ലഭ്യമായ മറ്റ് പ്രദേശങ്ങളിൽ നിന്ന് മണ്ണ് എത്തിക്കുമ്പോൾ ഉള്ള നഷ്ടം മുന്നിൽ കണ്ട് പ്രാദേശിക മാർക്കറ്റ് നിരക്കുകൾ പരിഷ്കരിച്ചിട്ടുണ്ട്.<br>പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ പരിധിയിൽ വരുന്ന തിരുവനന്തപുരം ജില്ലയിലെ പ്രവൃത്തിയായ കരമന -കളിയിക്കാവിള നാലു വരി പാത നിർമ്മാണത്തിന് (പ്രാവച്ചമ്പലം മുതൽ ബാലരാമപുരം കൊടിനട വരെ) ഫിൽ ചെയ്യാൻ മണ്ണ് ലഭിക്കാൻ ബുദ്ധിമുട്ടുണ്ടെന്ന് കണ്ട് ഹിൽ ഹൈവേയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന അധിക മണ്ണ് പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചു വരുന്നു.<br>മണ്ണിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനായി മൈനിംഗ്, ജിയോളജി, ഇറിഗേഷൻ, റവന്യൂ എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ